## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

21.07.2015-ലെ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *428

### മിൽമയുടെ പാൽ സംഭരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : | | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്നും മിൽമ സംഭരിക്കുന്ന പാലിന്റെ വിശദാംശം ലഭ്യമാക്കാമോ ; | (എ) | മിൽമ പ്രതിദിനം ശരാശരി 12.5 ലക്ഷം ലിറ്റർ പാൽ വിതരണം ചെയ്യുന്നുണ്ട്. എന്നാൽ ഇപ്പോൾ മിൽമ പ്രതിദിനം മേഖലാ യൂണിയനുകളിലൂടെ സംഭരിക്കുന്നത് 11 ലക്ഷം ലിറ്റർ പാലാണ്. വിതരണത്തിനാവശ്യമായ പാലിന്റെ കുറവ് നികത്തുന്നതിനു വേണ്ടി മിൽമ അന്യസംസ്ഥാനങ്ങളിൽ നിന്നും പാൽ വാങ്ങുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കർണ്ണാടക, തമിഴ്നാട് ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ സഹകരണ ക്ഷീര ഫെഡറേഷനുകളിൽ നിന്നുമാണ് പ്രധാനമായും മിൽമ പാൽ സംഭരിച്ചിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ മിൽമ ഇപ്രകാരം 108696790 ലിറ്റർ പാൽ സംഭരിച്ചിട്ടുണ്ട്. കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയ ശേഷമാണ് അന്യസംസ്ഥാനങ്ങളിൽ നിന്നും പാൽ സ്വീകരിക്കുന്നത്. |
| (ബി) നമ്മുടെ ക്ഷീരകർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ പാൽ ഇറക്കുമതിയിലൂടെ മിൽമ തട്ടിയെടുക്കുന്നു എന്ന പരാതിയെ സംബന്ധിച്ച് വിശദീകരിക്കാമോ; | (ബി) | കേരളത്തിലെ ക്ഷീരസംഘങ്ങളിൽ സംഭരിക്കുന്ന പാലിൽ നിന്നും പ്രാദേശിക വില്പനയ്ക്ക് ശേഷമുള്ള മുഴുവൻ പാലും മിൽമ മേഖലാ യൂണിയനുകൾ വഴി സംഭരിക്കുന്നുണ്ട്. ഇങ്ങനെ സംഭരിക്കുന്ന പാലിന് കൃത്യമായ വിലയും മിൽമ ഉറപ്പ് വരുത്തുന്നുണ്ട്. ഇതോടൊപ്പം തന്നെ കാലാകാലങ്ങളിൽ മേഖലാ യൂണിയനുകൾ ഇൻസെന്റീവുകളും സബ്സിഡികളും കർഷകർക്ക് അവർ ഒഴിക്കുന്ന പാലിന്റെ അളവ് കണക്കാക്കി നല്കുന്നുണ്ട്. മിൽമ കേരളത്തിലെ ക്ഷീരസംഘങ്ങളിൽ നിന്നും സംഭരിക്കുന്ന പാൽ മുഴുവനും പാലും പാലുല്പന്നങ്ങളുമാക്കി വിതരണം ചെയ്യുമ്പോൾ, ആവശ്യത്തിന് |

തികയാതെ വരുന്ന പാൽ മാത്രമെ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നുള്ളൂ. പാലും പാലുല്പന്നങ്ങളും വില്പന നടത്തുന്നതിലൂടെ ലഭ്യമാകുന്ന വരുമാനത്തിലേറിയ പങ്കും മിൽമ മേഖലാ യൂണിയനുകളിലൂടെ ക്ഷീരകർഷകരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായാണ് വിനിയോഗിക്കുന്നത്. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് മറ്റ് വിവിധ പദ്ധതികളും മിൽമ ക്ഷീരസംഘങ്ങളിലൂടെ നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ ക്ഷീരകർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ പാൽ ഇറക്കുമതിയിലൂടെ മിൽമ തട്ടിയെടുക്കുന്നു എന്ന പരാതിയ്ക്ക് അടിസ്ഥാനമില്ല.

(സി) ഇവിടുത്തെ എല്ലാ ഗ്രാമീണ മേഖലകളിൽ നിന്നും പാൽ ശേഖരിക്കാൻ മിൽമ ശ്രമിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) മിൽമ മൂന്നു മേഖലാ യൂണിയനുകളിലും കൂടി സംസ്ഥാനത്തൊട്ടാകെ ഗ്രാമീണ മേഖലകളിൽ പ്രവർത്തിക്കുന്ന മൂവായിരത്തോളം പ്രാഥമിക ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ നിന്നും നിലവിൽ പാൽ ശേഖരിക്കുന്നുണ്ട്. ക്ഷീരസഹകരണ സംഘങ്ങളില്ലാത്ത സ്ഥലങ്ങളിൽ സംഘങ്ങൾ രൂപീകരിക്കുന്ന മുറയ്ക്ക് പാൽ ശേഖരിക്കുന്നതാണ്. കേന്ദ്രസർക്കാരിന്റെ നാഷണൽ ഡയറി പ്ലാൻ പദ്ധതി പ്രകാരം പുതിയ സൊസൈറ്റികൾ സംസ്ഥാനത്ത് മിൽമയുടെ മേൽനോട്ടത്തിൽ രൂപീകരിക്കുന്നുണ്ട്.

(ഡി) പാൽ സംഭരണം കാര്യക്ഷമമാക്കാതെ അന്യസംസ്ഥാനത്തെ നിലവാരമില്ലാത്ത പാൽ ഇറക്കുമതി ചെയ്യുന്നതിൽ മിൽമ അമിത താല്പര്യം കാണിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?.

(ഡി) ക്ഷീരസംഘങ്ങളിൽ സംഭരിക്കുന്ന പാലിൽ നിന്നും പാലിന്റെ പ്രാദേശിക വില്പനയ്ക്ക് ശേഷമുള്ള മുഴുവൻ പാലും മിൽമ മേഖലാ യൂണിയനുകൾ വഴി സംഭരിക്കുന്നുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ പ്രകാരം പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിനു വേണ്ടി വിവിധ പദ്ധതികൾ മിൽമയുടെ മേഖലാ യൂണിയനുകൾ ചെയ്തുവരുന്നുണ്ട്.

സംസ്ഥാനത്ത് വിതരണത്തിന് തികയാത്ത പാൽ മാത്രമാണ് അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നത്.

സംസ്ഥാനത്തെ പാലുല്പാദനം വർദ്ധിപ്പിച്ച് അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന പാലിന്റെ അളവ് കുറച്ചു കൊണ്ടു വരുന്നതിനാണ് മിൽമ നടപടികൾ സ്വീകരിച്ചുവരുന്നത്.

സെക്ഷൻ ഓഫീസർ